# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5257 27.06.2019-ൽ മറുപടിക്ക്

**<u>മൺപാത്ര നിർമ്മാണ യൂണിറ്റുകൾക്ക് ആർക്കിയോളജി വകുപ്പിന്റെ സഹായം</u>**

**ചോദ്യം**

ശ്രീ.സി. കെ. ശശീന്ദ്രൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും. പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന മൺപാത്ര നിർമ്മാണ യൂണിറ്റുകൾക്ക് ആർക്കിയോളജി വകുപ്പ് മുഖേന സാമ്പത്തിക സഹായം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമ പ്രകാരം പുരാവസ്തുപരമായും, ചരിത്ര പരമായും വാസ്തുവിദ്യാപരമായും പ്രാധാന്യമുള്ളതും, നൂറു വർഷത്തിലേറെ പഴക്കമുള്ളതുമായ സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണവും അനുബന്ധ പ്രവർത്തനങ്ങളുമാണ് പുരാവസ്തു വകുപ്പ് ചെയ്തു വരുന്നത്. വയനാട് ജില്ലയിൽ പ്രളയത്തിൽ തകർന്ന മൺപാത്ര നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന വിഷയം കേരള പുരാവസ്തു വകുപ്പിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി വിഷയത്തിൽ പദ്ധതികളൊന്നും നിലവിൽ തയ്യാറാക്കിയിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**